**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേക്ക് നിയമനം നടന്നിട്ടില്ലാത്തതിനാൽ ഇവിടെ അനുവദിക്കപ്പെട്ട എക്കോ, ടി.എം.ടി. യന്ത്രങ്ങൾ ഉപയോഗിക്കാനാകാത്ത അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുനലൂർ താലൂക്ക് ആശുപത്രിയിലെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേക്ക് ഡോ.ഹസ്സൻ ജഷീലിനെ നിയമിച്ചിരുന്നുവെങ്കിലും, കാത്ത് ലാബ് നിലവിലുള്ള കോഴിക്കോട് ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് കാർഡിയോളജി തസ്തിക സൃഷ്ടിക്കുന്നതുവരെ ടിയാനെ ടി ആശുപത്രിയിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചതിനാൽ 30.05.2025 ലെ സ.ഉ.(സാധാ) 1480/2025/H&FWD പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഗിരീഷ് ജി എസ് നെ ആഴ്ചയിൽ 3 ദിവസത്തേക്ക് പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ എക്കോ, ടി.എം.ടി യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താത്കാലിക അടിസ്ഥാനത്തിൽ 2 ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിലേക്ക് 10.02.2023-ലെ സ.ഉ (സാധാ) നം. 334/2023/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്ന ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയതായി കൺസൾട്ടന്റ് കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പുനലൂർ താലൂക്ക് ആശുപത്രിയിലെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേക്ക് ഡോ.ഹസ്സൻ ജഷീലിനെ നിയമിച്ചിരുന്നുവെങ്കിലും, കാത്ത് ലാബ് നിലവിലുള്ള കോഴിക്കോട് ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് കാർഡിയോളജി തസ്തിക സൃഷ്ടിക്കുന്നതുവരെ ടിയാനെ ടി ആശുപത്രിയിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചതിനാൽ 30.05.2025 ലെ സ.ഉ.(സാധാ) 1480/2025/H&FWD പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഗിരീഷ് ജി എസ് നെ ആഴ്ചയിൽ 3 ദിവസത്തേക്ക് പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ എക്കോ, ടി.എം.ടി |

| | | | |
|---|---|---|---|
| | | | യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ്. ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താത്കാലിക അടിസ്ഥാനത്തിൽ 2 ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. |
| (സി) | സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കി പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടിയെടുക്കുമോ; | (സി) | സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനും, ടി സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ പുനലൂർ താലൂക്കാശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലുൾപ്പെടെ റഗുലർ നിയമനം നടത്തുന്നതിനും ഉള്ള നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.<br><br>നിലവിൽ കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഗിരീഷ് ജി എസ് നെ ആഴ്ചയിൽ 3 ദിവസത്തേക്ക് പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ എപ്പോഴേയ്ക്കും നിയമനം നടത്താനാകുമെന്ന് വിശദമാക്കാമോ; | (ഡി) | സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനും, ടി സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ പുനലൂർ താലൂക്കാശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലുൾപ്പെടെ റഗുലർ നിയമനം നടത്തുന്നതിനും ഉള്ള നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.<br><br>നിലവിൽ കൊല്ലം ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ഗിരീഷ് ജി എസ് നെ ആഴ്ചയിൽ 3 ദിവസത്തേക്ക് പുനലൂർ താലൂക്ക് ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) | പുനലൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതൊക്കെ തസ്തികകളിൽ എത്ര നാളുകളായി ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ? | (ഇ) | പുനലൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ കൺസൾട്ടന്റ് (പീഡിയാട്രിക്സ് ) തസ്തികയിൽ 01.06.2024 തീയതി മുതലും കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ 10.03.2025 തീയതി മുതലും ഓരോ ഒഴിവുകൾ ഉണ്ട്. ആയത് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ